LIBRARY ARCHIVES Kerala Legislative Assembly

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം

26 [1995] ശ്രീ. ഷിബു ബേബിജോൺ:

,, എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ഏജൻസിയായ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 14 ജില്ലാ ആഫീസുകളേയും മറ്റ് ആഡിറ്റ് ആഫീസുകളേയും ഡയറക്ടറേറ്റുമായി ബന്ധിപ്പിക്കുവാൻ നെറ്റ്വർക്കിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഡയറക്ടറേറ്റിൽ ഫാക്സ്, റഫറൻസ് ലൈബ്രറി, കമ്പ്യൂട്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതു സംബന്ധിച്ചുള്ള ശുപാർശ സമർപ്പിക്കാൻ ലോക്കൽ ഫണ്ട് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഫാക്സ്, കമ്പ്യൂട്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനെപ്പറ്റി പരിശോധിച്ചുവരുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

27 [1996] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഏതെല്ലാം സ്ഥാപനങ്ങളുടെ ആഡിറ്റിന്റെ ചുമതലയാണ് നിർവ്വഹിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്രയും വിപുലമായ ചുമതലകളുള്ള ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആഡിറ്റ് നിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ കമ്പ്യൂട്ടർ സ്ഥാപിക്കുവാനും ഫാക്സ്, ഇന്റർനെറ്റ് എന്നീ ആധുനിക സംവിധാനങ്ങളേർപ്പെടുത്താനും ഒരു റിക്കോർഡ് റൂം, റഫറൻസ് ലൈബ്രറി എന്നിവ സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ;

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിന് സ്വന്തമായി ആസ്ഥാന മന്ദിരം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 2918 സ്ഥാപനങ്ങളുടെ ആഡിറ്റ് നടത്തുന്നുണ്ട്. വിശദമായ പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

(ബി) ഡയറക്ടറേറ്റിൽ കമ്പ്യൂട്ടർ വാങ്ങാൻ തീരുമാനമായിട്ടുണ്ട്. വകുപ്പിന്റെ സമൂല കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച ശുപാർശ സമർപ്പിക്കാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതും ആഡിറ്റ് നിലവാരം മെച്ചപ്പെടുത്തുന്നതും ലക്ഷ്യം വച്ചുകൊണ്ട് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് കാലാകാലങ്ങളിൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നുമുണ്ട്.

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. കമ്പ്യൂട്ടർവൽക്കരണം നടത്തിയതിന് ശേഷം ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കും. റെക്കോർഡ് റൂം, റഫറൻസ് ലൈബ്രറി എന്നിവ സ്ഥാപിക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) തൽക്കാലം ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ ഇൻഫോർമൽ പോസ്റ്റിംഗ്

28 [1997] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായി പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(ബി) എങ്കിൽ അതിൽ ഇൻഫോർമൽ പോസ്റ്റിംഗ് എന്നൊരു ക്ലോസ് നിലവിലുണ്ടോ; ഇൻഫോർമൽ പോസ്റ്റിംഗ് അനുവദിക്കാനുള്ള മാനദണ്ഡം എന്താണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം ആർക്കെല്ലാം എത്ര നാൾവീതം ഇൻഫോർമൽ പോസ്റ്റിംഗ് നൽകിയിട്ടുണ്ട്;

(ഡി) ഇൻഫോർമൽ പോസ്റ്റിംഗ് എന്നൊരു ക്ലോസ് സ്ഥലംമാറ്റ മാർഗ്ഗരേഖയിൽ ഇല്ല എങ്കിൽ ഇപ്രകാരം ഉത്തരവ് ഇറക്കാനുള്ള സാഹചര്യം വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly